**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1703** **19-01-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി .എസ്. ശിവകുമാർ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യവികസനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | കേന്ദ്രം, സംസ്ഥാനം, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവടങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി 1538 കോടി രൂപയിൽ നിന്നും 1135.7 കോടി രൂപ 40 പ്രോജക്ടുകൾക്ക് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (എസ്.സി.ടി.എൽ.) ബോർഡ് അനുമതി നൽകി. 40 പ്രോജക്ടുകളും ടെണ്ടർ ചെയ്തു. 95% പ്രോജക്ടുകൾക്ക് വർക്ക് അവാർഡ് ചെയ്തു. ഇതിൽ 9 പ്രോജക്ടുകൾ പൂർത്തീകരിച്ചു. |
| (ബി) | ഈ പദ്ധതിക്കായി തിരുവനന്തപുരം നഗരത്തിന് അനുവദിച്ചത് എന്ത് തുകയാണെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും അറിയിക്കാമോ; | (ബി) | കേന്ദ്രം, സംസ്ഥാനം, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവടങ്ങളിൽ നിന്നും വിവിധ പദ്ധതികൾക്കായി 1538 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 386 കോടി രൂപ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. 26.35 കോടി ഇതുവരെ ചിലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൻ കീഴിൽ ഇതിനകം ഏതൊക്കെ കാര്യങ്ങളാണ് തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയത്; അതിന്റെ ചെലവ് സംബന്ധിച്ച കണക്കുകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; | (സി) | 6 സ്ഥലങ്ങളിൽ (കോർപ്പറേഷൻ, പുത്തരിക്കണ്ടം, തമ്പാനൂർ, കെ.എസ്.ആർ.ടി.സി. ഇൻ ഗേറ്റ്, കെ.എസ്.ആർ.ടി.സി ഔട്ട് ഗേറ്റ്, വഞ്ചിയൂർ) പൊതു ശൗചാലയങ്ങളുടെ പുനരുദ്ധാരണം 2020 ജനുവരി 14 ന് ആരംഭിച്ചു. പദ്ധതിയുടെ മൊത്തം ചെലവ് 0.545 കോടി രൂപയാണ്. പുത്തരിക്കണ്ടം, കോർപ്പറേഷൻ, തമ്പാനൂർ, എന്നീ സ്ഥലങ്ങളിലെ ജോലികൾ പൂർത്തീകരിച്ച് പൊതു ഉപയോഗത്തിനായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വഞ്ചിയൂർ, കെ.എസ്.ആർ.ടി.സി ഔട്ട് ഗേറ്റ് എന്നിവയുടെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. തമ്പാനൂർ ന്യൂ തിയേറ്ററിനു സമീപം, പൊതു ശൗചാലയങ്ങളുടെ പുനർനിർമ്മാണം 2020 ജനുവരി 29 ന് ആരംഭിച്ചു. പദ്ധതിയുടെ ആകെ ചെലവ് 0.610 കോടി രൂപയാണ്. നിർമ്മാണം പൂർത്തീകരിച്ചു. കണക്കുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പനവിള, |

| | | | | |
|---|---|---|---|---|
| | | | | ആയുർവേദ കോളേജ്, തമ്പാനൂരിന് സമീപമുള്ള ആർ.എം.എസ്., കിള്ളിപ്പാലത്തെ രണ്ട് സ്ഥലങ്ങൾ, വിമൻസ് കോളേജിന് സമീപം എന്നിങ്ങനെ 6 സ്ഥലങ്ങളിൽ സ്മാർട്ട് ബസ് സ്റ്റോപ്പുകളുടെ നിർമ്മാണം 2019 മെയ് 24 ന് ആരംഭിച്ചു. ഇന്റഗ്രേറ്റഡ് കമാൻഡ് & കൺട്രോൾ സെന്റർ വരുന്ന മുറയ്ക്ക് സൗജന്യ വൈഫൈ സംവിധാനവും സുരക്ഷ ഉറപ്പാക്കുന്നതിനായി പാനിക് ബട്ടൺ സംവിധാനവും മുഴുവൻ സമയ സി.സി.ടി.വി. സംവിധാനവും ഇതിന്റെ ഭാഗമായി വരും. 2020 നവംബറിൽ പദ്ധതി പൂർത്തീകരിച്ചു. തിരുവനന്തപുരത്ത് മെച്ചപ്പെട്ട വൈദ്യുത മൊബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.സി.ടി.എൽ., KAL – ൽ നിന്നും 15 ഇ-ഓട്ടോകൾ വാങ്ങി. ഓരോ വാഹനത്തിന്റെയും വില ഏകദേശം 2.80 ലക്ഷം രൂപയാണ്. ആകെ പദ്ധതി തുക 50 ലക്ഷം രൂപയാണ്. 2020 ആഗസ്റ്റിൽ പദ്ധതി പൂർത്തീകരിച്ചു. തിരുവനന്തപുരത്ത് ഇലക്ട്രിക് റിക്ഷ എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനായി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് 15 ഇ-റിക്ഷകൾ വാങ്ങി. പദ്ധതിയുടെ ആകെ തുക 0.34 കോടി രൂപയാണ്. സെപ്റ്റംബർ 2020 ന് പദ്ധതി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.യുമായി (REES) കൂടിയാലോചിച്ച് (ഗാന്ധി പാർക്ക്) ഇ-ഓട്ടോ/ഇ-റിക്ഷയ്ക്കുള്ള ചാർജിംഗ് സൗകര്യം സ്ഥാപിച്ചു. പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 0.04 കോടി രൂപ. സെപ്റ്റംബർ 2020 - ന് പദ്ധതി പൂർത്തീകരിച്ചു. ശ്രീകണ്ഠേശ്വരം പാർക്ക്, ശ്രീ ചിത്രാ പാർക്ക്, ഗാന്ധി പാർക്ക് എന്നിവിടങ്ങളിൽ ഓപ്പൺ ജിമ്മുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ പൊതുജനങ്ങൾ വളരെ നല്ലരീതിയിൽ ഉപയോഗിച്ചുവരുന്നു. മൊത്തം പദ്ധതി ചെലവ് 0.31 കോടി രൂപയാണ്. 2019 ഒക്ടോബർ 05 ന് പണി പൂർത്തീകരിച്ചു. അംഗൻവാടി കെട്ടിടങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ കളിപ്പാട്ടങ്ങൾ, ദൈംദിന ഭക്ഷണം തയ്യാറാക്കുന്നതിനുള്ള അടുക്കള പാത്രങ്ങൾ, കളി ഉപകരണങ്ങളും സാധനങ്ങളും സൂക്ഷിക്കുന്നതിനുള്ള സൗകര്യം, വാട്ടർ പ്യൂരിഫയർ അംഗൻവാടി ആവശ്യങ്ങൾക്കായി എ െ.ടി. അധിഷ്ഠിത പഠനസൗകര്യങ്ങൾ, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സി.സി.ടി.വി. നിരീക്ഷണം എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. രാജാജി നഗർ (16 ലക്ഷംരൂപ) തമ്പാനൂർ യു.പി.എസ്. (14 ലക്ഷംരൂപ) ഫോർട്ട് സംസ്കൃത സ്കൂൾ (12 ലക്ഷം രൂപ) എന്നിവിടങ്ങളിലെ അംഗൻവാടികളുടെ നവീകരണം 2020 മാർച്ച് 25 ന് പൂർത്തിയായി. (മൊത്തം 0.380 കോടി രൂപ). |

| | | | |
|---|---|---|---|
| (ഡി) | 2021 മാർച്ചിൽ പദ്ധതിയുടെ കാലാവധി അവസാനിപ്പിക്കുന്നതിന് മുമ്പ് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; അതിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ? | (ഡി) | സ്മാർട്ട് സിറ്റി പദ്ധതിയുടെ കാലാവധി 2022 ഓഗസ്റ്റ് വരെയാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്. പാളയം മാർക്കറ്റ് ഒഴികെയുള്ള പദ്ധതികൾ 2022 ഓഗസ്റ്റിൽ പൂർത്തീകരിക്കുന്ന രീതിയിലാണ് കരാറിൽ ഏർപ്പെട്ടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ